ഡൈയോക്സൈഡ് റൂട്ടയിൽഗ്രേഡ് പിഗ്മെൻറിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിച്ചത്. ഈ പ്ലാൻറിൽ നവീന സാങ്കേതിക രീതിയിലാണ് ഉൽപ്പാദനം നടത്തുന്നത്. അതുകൊണ്ട് പ്രത്യേക പരിശീലനം തൊഴിലാളികൾക്ക് നൽകേണ്ടതുണ്ട്. ഈ പ്ലാൻറിൽ ടാർജറ്റ് അനുസരിച്ചുള്ള ഉൽപ്പാദനം അടുത്ത ആറുമാസത്തിനകം നടത്താൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

പെരുമ്പാവൂർ റയോൺസ് കമ്പനി

240 [549] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ റയോൺസ് കമ്പനിയിൽ എന്തെല്ലാം സാധനങ്ങളാണ് ഉൽപ്പാദിപ്പിച്ചു കൊണ്ടിരിക്കുന്നത്;

(ബി) കമ്പനിയുടെ മൂലധനനിക്ഷേപം എത്ര;

(സി) കമ്പനിയുടെ ആസ്തി എത്ര?

ഉത്തരം

(എ) റയോൺസ് നൂല്, സെല്ലുലോസ് ഫിലിം, കോട്ടൺ ലിൻറർ പൾപ്പ്, സൾഫ്യൂറിക് ആസിഡ്, കാർബൺ ഡൈസൾഫൈഡ്.

(ബി) 2,52,50,000 രൂപ.

(സി) 6,67,43,924 രൂപയുടെ സ്ഥിര നിക്ഷേപങ്ങളും, 2,66,58,251 രൂപയുടെ മറ്റു നിക്ഷേപങ്ങളും. (പഴയ നിരക്കനുസരിച്ചാണ് വില കണക്കാക്കിയിട്ടുള്ളത്)

ഗവൺമെൻറുമേഖലയിലെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ

241 [550] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് മേഖലയിലെ ഏതെല്ലാം ഫാക്ടറികളാണ് ഇപ്പോൾ പൂട്ടിക്കിടക്കുന്നത്;

(ബി) ഇതിൻറെ കാരണമെന്താണ്?

ഉത്തരം

(എ) ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡ് ആലപ്പുഴ.

(ബി) സാമ്പത്തിക പരാധീനത, തൊഴിലാളികളുടെ നിസ്സഹകരണം എന്നിവയാണ് ഫോം മാറ്റിംഗ്സ് ലോക്കൗട്ട് ചെയ്യുവാനുണ്ടായ പ്രധാന കാരണങ്ങൾ.

വ്യാവസായികാവശ്യങ്ങൾക്കായി ഭൂമി വിലയ്ക്കെടുത്ത് നൽകാനുള്ള പദ്ധതി

242 [554] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യങ്ങൾക്കായി ഭൂമി വിലയ്ക്കെടുത്ത് നൽകാനുള്ള പദ്ധതി സിഡ്കോ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജില്ലകൾതോറും വ്യാവസായികാവശ്യത്തിനായി വികസന കേന്ദ്രങ്ങൾ സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വ്യവസായരഹിത ജില്ലകളിലും പിന്നോക്ക ജില്ലകളിലു മാണ് ഈ പദ്ധതി ആദ്യം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

കയർവ്യവസായത്തെ രക്ഷിക്കാൻ നടപടി

243 [555] ശ്രീ. തോപ്പിൽ രവി:
,, ബന്നിബഹനാൻ:
,, തെന്നല ജി. ബാലകൃഷ്ണപിള്ള:
,, രമേശ് ചെന്നിത്തല:
,, എ.സി. ജോസ്:
,, കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തെ രക്ഷിക്കാൻ എന്തെല്ലാം നടപടിക ളാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പൊതുമേഖലയിൽ ഫൈബർഫാം ഉപയോഗിച്ച് വ്യവ സായം തുടങ്ങാൻ ഗവൺമെന്റിന് പരിപാടിയുണ്ടോ?

ഉത്തരം

(എ) കയർ വ്യവസായത്തിലെ പ്രതിസന്ധി പ്രധാനമായും സ്റ്റോക്ക് വിറ്റഴിയാതെ കെട്ടിക്കിടക്കുന്നതുമൂലവും പച്ചത്തൊണ്ട് കിട്ടു ന്നതിനുള്ള ബുദ്ധിമുട്ടുമൂലവുമായിരുന്നു. കയറിന്റെ ആഭ്യന്തര വിപണിയിലുണ്ടായ വർദ്ധനവു മൂലം സ്റ്റോക്കു വിറ്റഴിക്കുന്നതിലുള്ള പ്രതിസന്ധി തരണം ചെയ്തുകഴിഞ്ഞു. ഇപ്പോൾ സ്റ്റോക്ക് കെട്ടി ക്കിടപ്പില്ല. തൊണ്ടു സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവി ലുള്ള തൊണ്ടു നിയന്ത്രണ നിയമം കർശനമായി നടപ്പാക്കുന്നതിനു നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശ ങ്ങളിൽനിന്നും അയൽസംസ്ഥാനങ്ങളിലേക്ക് തൊണ്ട് കടത്തിക്കൊണ്ടു പോകുന്നത് പോലീസ് സഹായത്തോടുകൂടി തടയുന്നതിനുള്ള ഏർപ്പാ ടുകളും ചെയ്തിട്ടുണ്ട്. തൊണ്ട് അധികമുള്ള പ്രദേശങ്ങളിൽനിന്നും ദൗർലഭ്യമുള്ള മേഖലകളിലേക്ക് തൊണ്ടും ചകിരിയും കൊണ്ടുവരുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തൊണ്ടിന്റെ വില കാലാനുസൃത മായി പുതുക്കി നിശ്ചയിച്ചു. ഇതിന്റെ ഫലമായി ഈവർഷത്തെ തൊണ്ടു സംഭരണത്തിൽ കാര്യമായി പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ തൊണ്ടു സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവി ലുള്ള തൊണ്ടു നിയന്ത്രണ ഉത്തരവ് റദ്ദാക്കി പകരം ലെവി സമ്പ്രദായം പരീക്ഷിച്ചുനോക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

കയർ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരിഷ്കരിച്ച രീതിയിലുള്ള റാട്ടുകളും, ലൂമുകളും വാങ്ങു ന്നതിനുള്ള സാമ്പത്തിക സഹായം കേന്ദ്രഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly